# THE HIGH COURT OF KERALA

Tele: 0484 - 2562951
Fax : 0484 - 2562451

Kochi: 682031
Dated: 26-09-2018

**No. C7 – 36675/2015**

OFFICIAL MEMORANDUM

Sub : Reporting of vacancies to KPSC through e-vacancy software- extension of last date-information -reg.

Ref : 1. High Court O.M of even number dated 26.02.2016 and 23.01.2018

2. Government Circular No. Adv.C3/141/2017/P&ARD dated 20-12-2017

3. Government Circular No. Adv.C3/141/2017/P&ARD dated 01-06-2018

A copy of the reference cited 3rd above is forwarded herewith to all the District Judges and Chief Judicial Magistrates for strict compliance. They are further directed to ensure that the user credentials with respect to the Appointing Authorities and Entry User are updated.

The service of Sri.Unnikkuttan B.K, Senior Clerk, District Court, Thiruvananthapuram and Sri.S.Vipin, Senior Clerk, Judicial First Class Magistrate Court-I, Nedumangadu, the Vacancy Master Users (VMU) for the programme shall be utilised in order to clear any doubts on the subject, so that the reporting of vacancies to PSC can be made only through e-vacancy software after 30/09/2018.

(By Order)

Beena Devi.K.
Assistant Registrar

Encl: As above

To

All District Judges,
All Chief Judicial Magistrates.

Copy to -

IT Section, (for publishing in the High Court Web Site).

Note : Reply, if any, shall be addressed to the Registrar (Subordinate Judiciary) or can also be send to fax No. shown above.

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

**പരിപത്രം**

നം.ഉപ.സി.3/141/2017/ഉഭപവ　　　　　　　　തിരുവനന്തപുരം, തീയതി 01.06.2018

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്- നിയമനാധികാരികൾ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ e-vacancy software സംവിധാനത്തിലൂടെ അറിയിക്കുന്നത് - കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്- സംബന്ധിച്ച്

സൂചന:- 1) 20.12.2017 ലെ ഉപസി3/141/2017/ഉഭപവ നമ്പർ പരിപത്രം.
2) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 27.03.2018 ലെ R&A IV(2)7722/16/GW നം.കത്ത്

സൂചന പരിപത്രം പ്രകാരം വകുപ്പ മേധാവികളും/നിയമനാധികാരികളും പി.എസ്.സി മുഖേന നികത്തേണ്ട ഒഴിവുകൾ 01.01.2018 മുതൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ e-vacancy software മുഖേന മാത്രം പി.എസ്.സിയെ അറിയിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത സർക്കുലർ പ്രകാരം ഒഴിവുകൾ e-vacancy software മുഖേന റിപ്പോർട്ട് ചെയ്യുന്ന രീതി സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. കൂടാതെ നിലവിൽ പി.എസ്.സിക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന രീതി (തപാൽ/ഇ-മെയിൽ മുഖേന) 31.12.2017 വരെയായും നിജപ്പെടുത്തിയിരുന്നു.

2. എന്നാൽ 244 വകുപ്പ്/സ്ഥാപനങ്ങളിലെ പ്രതിനിധികൾക്കായി പി.എസ്.സി സംഘടിപ്പിച്ച ട്രെയിനിംഗ് പരിപാടിയിൽ 169 വകുപ്പകളിലെ പ്രതിനിധികൾ മാത്രമേ പങ്കെടുത്തുള്ളൂവെന്നും 75 വകുപ്പകളിലെ പ്രതിനിധികൾ പങ്കെടുത്തിരുന്നില്ല എന്നും സൂചന (2) കത്തിലൂടെ പി.എസ്.സി സെക്രട്ടറി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. എല്ലാ വകുപ്പകളും e-vacancy software സംവിധാനത്തിലൂടെ ഒഴിവുകൾ അറിയിക്കുവാൻ സജ്ജരാകാത്ത സാഹചര്യത്തിൽ വിവിധ വകുപ്പ്/സ്ഥാപനങ്ങളിൽ നിന്നും പി.എസ്.സി. യിലേക്ക് നിലവിലുള്ള രീതിയിൽ (Tappal/E-mail/E-vacancy) ഒഴിവുകൾ സ്വീകരിക്കുന്ന തീയതി പബ്ലിക് സർവ്വീസ് കമ്മീഷൻ 30.09.2018 വരെ ദീർഘിപ്പിച്ച് ഉത്തരവായിരിക്കുന്നു.

3. മേൽ സാഹചര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ e-vacancy software മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി നിലവിൽ ട്രെയിനിംഗിൽ പങ്കെടുക്കാത്ത എല്ലാ വകുപ്പ്/സ്ഥാപനങ്ങളുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പി.എസ്.സി. നടത്തിവരുന്ന ട്രെയിനിംഗിൽ പങ്കെടുക്കേണ്ടതും, ഒഴിവുകൾ, പി.എസ്.സിയുടെ e-vacancy software മുഖേന നിയമനാധികാരികൾ പി.എസ്.സിയെ അറിയിക്കേണ്ടതുമാണ്.

4. ഒഴിവുകൾ യഥാസമയം പി.എസ്.സിയുടെ E-vacancy software മുഖേന പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം എല്ലാ വകുപ്പമേധാവികളും/നിയമനാധികാരികളും കർശനമായി പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

കെ.ഗോപാലകൃഷ്ണ ഭട്ട്
സ്പെഷ്യൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും

7/4
18/6

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
എല്ലാ സെക്ഷനുകൾക്കും ( കീഴിൽ വരുന്ന, പി.എസ്.സി. മുഖാന്തിരം നിയമനം നടക്കേണ്ടതായ
വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിയ്ക്കുന്നതിനായി)
എല്ലാ വകുപ്പ് മേധാവികൾക്കും / നിയമനാധികാരികൾക്കും ജില്ലാ കളക്ടർമാർക്കും
ഗവർണ്ണറുടെ സെക്രട്ടറി (ആമുഖ കത്തു സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം (ആമുഖ കത്ത് സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ്ജനറൽ,കേരളം,എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള
സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.